# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>പ്രാക്തനഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം</u>

2798 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാക്തനഗോത്രവർഗ്ഗവിഭാഗങ്ങളുടെ ക്ഷേമത്തിനായി എത്രകോടി രൂപ 13-ാം ധനകാര്യകമ്മീഷൻ അവാർഡ് ചെയ്തിട്ടുണ്ട് ; എന്നാണ് ഈ തുക കേരളത്തിന് ലഭിച്ചത് ; ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചു ; എന്നു വരെയാണ് പദ്ധതിയുടെ കാലാവധി ;

(ബി) എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് പ്രസ്തുത വിഭാഗങ്ങൾക്കായി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്; ഇതിൽ ഏതെല്ലാം പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയോ ആരംഭിക്കുകയോ ചെയ്തിട്ടുണ്ട്; ഓരോന്നും വിശദമാക്കുമോ ;

(സി) എത്ര കുടുംബങ്ങൾക്ക് ഇതുവരെ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട് ;

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം ഔദ്യോഗിക സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; ഇതിനായി എത്ര രൂപ ചെലവഴിച്ചു.

(ഇ) സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുവാൻ ആകെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് ; ഇവ സ്ഥിരം തസ്തികകളാണോ ;

(എഫ്) എങ്കിൽ എപ്രകാരമാണ് നിയമനം നടത്തിയിട്ടുള്ളത് ;

(ജി) താല്കാലിക നിയമനമാണെങ്കിൽ ഇതിനകം എത്ര പേരെ നിയമിച്ചിട്ടുണ്ട്; എന്തായിരുന്നു നിയമനത്തിനുള്ള മാനദണ്ഡം ;

(എച്ച്) ശമ്പള ഇനത്തിൽ ഇതിനകം എന്ത് തുക ചെലവഴിച്ചു ; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ മാതൃകാ കോളനികൾ</u>

2799 ശ്രീ. പി. എ. മാധവൻ
,, എം. പി. വിൻസെന്റ്
,, എം. എ. വാഹീദ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ മാതൃകാ കോളനികൾ തുടങ്ങുവാൻ പദ്ധതി ആവഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

പട്ടികവർഗ്ഗക്കാർക്കായുള്ള റസിഡൻഷ്യൽ സ്കൂളുകൾ

2800 ശ്രീ. ജി. സുധാകരൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. ബി. ഡി. ദേവസ്സി
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കായുള്ള പത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും മൂന്ന് ആശ്രാമം സ്കൂളുകൾക്കും കെട്ടിട നിർമ്മാണത്തിനായി അമ്പതുശതമാനം കേന്ദ്ര സഹായത്തോടെയുള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇവയ്ക്കായി ഇതുവരെ ഒരു ശതമാനം മാത്രം തുക വിനിയോഗിക്കാനിടയായതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സാമ്പത്തിക വർഷം അവസാനിക്കാറായിട്ടും കേന്ദ്രാവിഷ്കൃത (50% സഹായത്തോടെ നടപ്പാക്കുന്നവ) പദ്ധതിയ്ക്കായി വകകൊള്ളിച്ചിരുന്നതിന്റെ ഒന്നരശതമാനം മാത്രം ചെലവഴിച്ചതിന്റെ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ: വിശദാംശം അറിയിക്കുമോ ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്
സംസ്ഥാന ട്രൈബൽ മിഷൻ

2801 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ട്രൈബൽ മിഷന്റെ (റ്റി. ആർ. ഡി. എം) പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) മുൻ സർക്കാരിന്റെ അവസാന രണ്ടു വർഷം സംസ്ഥാന വിഹിതമായി മിഷന് എത്ര കോടി രൂപ നൽകിയിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ട്രൈബൽ മിഷന് സംസ്ഥാന വിഹിതമായി എന്തു തുക നൽകിയെന്നും ഏതൊക്കെ പരിപാടികൾക്കായി ചെലവഴിച്ചുവെന്നും അറിയിക്കാമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ കുടുംബങ്ങള്‍ക്ക് സോളാര്‍ ലൈറ്റുകള്‍</u>

2802 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വനത്തിനുള്ളിലെ പട്ടികവര്‍ഗ്ഗ കുടുംബങ്ങള്‍ക്ക് സോളാര്‍ ലൈറ്റുകള്‍ നല്‍കുന്ന പദ്ധതി ഇപ്പോള്‍ നിലവിലുണ്ടോ ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ഏതെങ്കിലും പട്ടികവര്‍ഗ്ഗ കുടുംബങ്ങള്‍ക്ക് സോളാര്‍ ലൈറ്റുകള്‍ നല്‍കിയിട്ടുണ്ടോ ; ഉണ്ടെങ്കില്‍ എത്ര പേര്‍ക്ക് ; വ്യക്തമാക്കുമോ ;

(സി) വൈദ്യുതീകരിക്കാത്ത പട്ടികവര്‍ഗ്ഗ വിഭാഗക്കാരുടെ കുടുംബങ്ങള്‍ക്ക് സോളാര്‍ ലൈറ്റുകള്‍ നല്‍കാനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കാൻ നടപടി</u>

2803 ശ്രീ. ജോസഫ് വാഴക്കൻ
,, എം. എ. വാഹിദ്
,, ബെന്നി ബെഹനാൻ
,, എം. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>നെല്ലിയാമ്പതി പഞ്ചായത്തിലെ ആദിവാസി വിഭാഗക്കാർക്ക് ഭൂമി പതിച്ചുനൽകൽ</u>

2804 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി പഞ്ചായത്തിലെ ആദിവാസി വിഭാഗക്കാർക്ക് ഭൂമി പതിച്ചുനൽകാനുള്ള പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ;

(ബി) ഇവർക്ക് നൽകാനുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) സ്വന്തമായി സ്ഥലവും വീടും എന്നത് യാഥാർത്ഥ്യമാക്കുവാൻ എന്ന് സാധിക്കും ; വിശദമാക്കുമോ ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

ഭൂരഹിതരായ പട്ടികവിഭാഗക്കാർ

2805 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്സ്ഥാനത്ത് ഭൂരഹിതരായ എത്ര പട്ടിക വർഗ്ഗ വിഭാഗക്കാരുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇത്രയും പേർക്ക് ഭൂമി വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഭൂരഹിതരായ പട്ടികവര്‍ഗ്ഗക്കാരെ</u>
<u>പുനരധിവസിപ്പിക്കാനുള്ള പദ്ധതി</u>

2806 ശ്രീ. എ. കെ. ബാലന്‍
,, പുരുഷന്‍ കടലുണ്ടി
,, ആര്‍. രാജേഷ്
,, ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭൂരഹിതരായ പട്ടികവര്‍ഗ്ഗക്കാരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി (ടി.ആര്‍.ഡി.എം) അവലോകനം ചെയ്തിരുന്നോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ?

(ബി) പ്രസ്തുത പദ്ധതിയില്‍ ഈ വര്‍ഷം ഇതുവരെ നടപ്പിലാക്കിയ പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ ; എത്രപേര്‍ ഈ വര്‍ഷം ഈ പരിപാടിയുടെ ഗുണഭോക്താക്കളായെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് ലാപ്ടോപ്പ്</u>

2807 ശ്രീ. സി. പി. മുഹമ്മദ്
,, റ്റി. എന്‍. പ്രതാപന്‍
,, എം. പി. വിന്‍സെന്റ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണല്‍ കോഴ്സുകള്‍ക്കും കമ്പ്യൂട്ടര്‍ കോഴ്സുകള്‍ക്കും പഠിക്കുന്ന പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് ലാപ്ടോപ്പ് നല്‍കാന്‍ ഏതെല്ലാം ഏജന്‍സികളാണ് സഹകരിക്കുന്നത്; വിശദമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 14.02.2013–ലെ മറുപടിക്ക്

കോടശ്ശേരിയിൽ റെസിഡൻഷ്യൽ ഐ.ടി.ഐ ക്രാഫ്റ്റ് സെന്റർ

2808 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്ഷേമ വകുപ്പിനുകീഴിൽ ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരിയിൽ റസിഡൻഷ്യൽ ഐ.ടി.ഐ ക്രാഫ്റ്റ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എൻ.സി.വി.റ്റി അംഗീകൃത കോഴ്സുകളായ കാർപ്പെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബർ ട്രേഡുകൾ പ്രസ്തുത കേന്ദ്രത്തിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ ആദിവാസിക്ഷേമ പ്രവർത്തനങ്ങൾ</u>

2809 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ആദിവാസി ക്ഷേമപ്രവർത്തനങ്ങൾക്ക് അനുവദിച്ച ഫണ്ടുകളുടെ വിനിയോഗത്തിലും ഭരണ നിർവ്വഹണത്തിലും പാളിച്ചകൾ നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ജില്ലയിലെ ആദിവാസിക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും യഥാസമയം വിലയിരുത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ; വ്യക്തമാക്കുമോ ;

(സി) പദ്ധതികളുടെ ജില്ലാതല ക്രോഡീകരണത്തിന് എന്തെല്ലാം സംവിധാനങ്ങൾ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ധനസഹായം

2810 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പു മുഖാന്തിരം എന്തു തുക ധനസഹായമായി വിതരണം ചെയ്തു; വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ അവസാന രണ്ടുവർഷം ഇത്തരത്തിൽ എന്ത് തുകയാണ് ധനസഹായമായി വിതരണം നടത്തിയതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ആദിവാസി ക്ഷേമപ്രവർത്തനങ്ങൾ

2811 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ തൊഴിൽ ഉൾപ്പെടെയുള്ള ക്ഷേമപ്രവർത്തനങ്ങൾക്കായി മുൻ സർക്കാരിന്റെ അവസാന രണ്ടുവർഷം നടപ്പാക്കിയ പ്രവൃത്തികൾക്കായി എന്തു തുക ചെലവഴിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾ നടത്തിയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ തുടരുന്നുണ്ടോ ;

(സി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനായി നാളിതുവരെ എന്തു തുക ചെലവഴിച്ചുവെന്നും എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കിയെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>മുഴുവന്‍ പട്ടികവര്‍ഗ്ഗക്കോളനികളും വൈദ്യുതീകരിക്കല്‍</u>

2812 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പട്ടികവര്‍ഗ്ഗകോളനികള്‍ ഉണ്ട്; എല്ലാ കോളനികളും വനാന്തരങ്ങളിലാണോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കോളനികളില്‍ വൈദ്യുതീകരിച്ചതും വൈദ്യുതീകരിക്കാത്തതുമായ കോളനികള്‍ എത്ര; അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

(സി) മുഴുവന്‍ പട്ടികവര്‍ഗ്ഗ കോളനികളും വൈദ്യുതീകരിക്കുവാന്‍ ആലോചിക്കുന്നുണ്ടോ ;

(ഡി) സൗരോര്‍ജ്ജ പാനലുകള്‍ വഴി മുഴുവന്‍ പട്ടികവര്‍ഗ്ഗ കോളനികളും വൈദ്യുതീകരിക്കാന്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ</u>

2813 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അടിസ്ഥാന സൗകര്യവികസനത്തിന്റെ അഭാവവും, അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാലും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വിവിധ എം.ആർ എസ്സുകളിലായി അദ്ധ്യാപക അനദ്ധ്യാപക തസ്തികകളുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; അവ ഏതെല്ലാമാണ്;

(സി) എം.ആർ.എസ്സുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2012-13 ൽ എന്തു തുകയാണ് നീക്കിവെച്ചിരുന്നത്; അതിൽ എന്തു തുക ചിലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ട്രൈബല്‍ കിന്റര്‍ ഗാര്‍ട്ടന്‍

2814 ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ട്രൈബല്‍ കോളനികളില്‍ എത്ര ട്രൈബല്‍ കിന്റര്‍ ഗാര്‍ട്ടന്‍ പ്രവര്‍ത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം സ്ഥാപനങ്ങളില്‍ ജോലി ചെയ്യുന്ന ജീവനക്കാര്‍ക്ക് നിലവില്‍ എന്ത് തുക വേതനമായി ലഭിക്കുന്നുണ്ട്; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) നാദാപുരം മണ്ഡലത്തിലെ വിലങ്ങാട് അടുപ്പില്‍ കോളനിയില്‍ പ്രവര്‍ത്തിക്കുന്ന ട്രൈബല്‍ കിന്റര്‍ ഗാര്‍ട്ടനിലെ അദ്ധ്യാപികയ്ക്കും ഹെല്‍പ്പര്‍ക്കും നിലവില്‍ എന്ത്ര തുക വേതനം ലഭിക്കുന്നുണ്ട്; വ്യക്തമാക്കാമോ; തുച്ഛമായി വേതനം ലഭിക്കുന്ന പ്രസ്തുത തസ്തികകളിലുള്ള ജീവനക്കാര്‍ക്ക് തുക വര്‍ദ്ധനവിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കോളനികളിൽ സ്റ്റഡി കം റിക്രിയേഷൻ സെന്ററുകൾ</u>

2815 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനി പ്രദേശങ്ങളിൽ മുൻപ് പ്രവർത്തിച്ചിരുന്ന സ്റ്റഡി കം റിക്രിയേഷൻ സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം പ്രവർത്തിക്കുന്നു; എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ബി) അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഒത്തുചേരലിനും സാംസ്കാരിക പ്രവർത്തനങ്ങൾക്കും വിജ്ഞാന സംവാദനത്തിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഉള്ളത്; വിശദമാക്കുമോ;

(സി) പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനും തൊഴിൽ നേടാനും മാർഗ്ഗ നിർദ്ദേശം നൽകുവാൻ കരിയർ ഗൈഡൻസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) വിവിധ സാമൂഹ്യ, സാമ്പത്തിക, മാനസിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് ആശ്വാസമേകാൻ ഗൈഡൻസ് കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം പ്രവർത്തിക്കുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ

## 14.02.2013-ലെ മറുപടിക്ക്

കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്

2816

ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യവും പ്രവർത്തന രീതിയും വിശദമാക്കുമോ;

(ബി) യുവജന ശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

യുവജന നയം

2817

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പ്രഖ്യാപിച്ചത്;

(ബി) നയം പ്രാവർത്തികമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>മൃഗശാലവളപ്പിൽ നിരീക്ഷണ ക്യാമറകൾ</u>

2818 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്
,, എ. പി. അബ്ദുളളക്കുട്ടി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗശാലകളിലെ മൃഗങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) മൃഗശാലവളപ്പിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) സന്ദർശകർ മൃഗങ്ങളെ ഉപദ്രവിക്കുന്നതും ഇവയുടെ കൂടുകളിൽ പ്ലാസ്റ്റിക് വസ്തുക്കളും ഭക്ഷണങ്ങളും എറിഞ്ഞ് കൊടുക്കുന്നതും തടയാൻ നിരീക്ഷണ ക്യാമറകൾ എത്രമാത്രം ഉപയോഗപ്പെടുമെന്നാണ് കരുതുന്നത്;

(ഡി) ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ പിഴ ചുമത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാമാണ്?